ഉത്തരം

(എ) അപേക്ഷകന്റെ പേരിലുള്ള റിഡക്ഷൻ സർട്ടിഫിക്കറ്റ്. നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്. വിദേശത്ത് ജോലിചെയ്തു സ്ഥിരമായി മടങ്ങുന്നവർ പാസ്പോർട്ടിന്റെ പകർപ്പ്, ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർമാൻ, എം.എൽ.എ., എം.പി. എന്നീ ജനപ്രതിനിധികളുടെ സർട്ടിഫിക്കറ്റ്, രണ്ടുവയസ്സു കഴിഞ്ഞ കുട്ടികൾക്ക് ജനനതീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവയിൽ ബാധകമായ സർട്ടിഫിക്കറ്റുമായി താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷിക്കണം.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വർക്കല നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ സ്ഥാപിക്കണമെന്ന ആവശ്യം

121 (122) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ സ്ഥാപിക്കാനുള്ള നടപടി പൂർത്തിയാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഓരോ നിയോജകമണ്ഡലത്തിലും എത്ര മാവേലി സ്റ്റോർ വീതം ഇക്കൊല്ലം അധികമായി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) വർക്കല നിയോജകമണ്ഡലത്തിലെ ചെറുനിയൂർ, ചെമ്മരുതി, വെട്ടൂർ എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ അടിയന്തിരമായി ആരംഭിക്കുവാൻ അനുവാദം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഒന്നു വീതം 126 മാവേലി സ്റ്റോറുകൾ ആരംഭിക്കുവാനാണ് ഒന്നാം ഘട്ടത്തിൽ തീരുമാനിച്ചിരിക്കുന്നത്. ഇതുപ്രകാരം വർക്കല നിയോജകമണ്ഡലത്തിലെ മണമ്പൂർ പഞ്ചായത്തിൽ കവലയൂർ എന്ന സ്ഥലത്ത് 11-11-1999 മുതൽ ഒരു മാവേലി സ്റ്റോർ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടം നടപ്പാക്കുമ്പോൾ വർക്കല നിയോജകമണ്ഡലത്തിലെ നിലവിൽ മാവേലി സ്റ്റോറുകളില്ലാത്ത മറ്റു പഞ്ചായത്തുകളിലും സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly